**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2139** **30-07-2021 - ൽ മറുപടിയ്ക്ക്**

**കടച്ചിക്കല്ലൻ സമുദായത്തെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സമൂഹത്തിൽ വളരെ പിന്നോക്കാവസ്ഥയിലുള്ള കടച്ചിക്കല്ലൻ സമുദായത്തെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ തലത്തിൽ കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ള സമുദായങ്ങളെയാണ് നിലവിൽ സംസ്ഥാനത്ത് ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്. കടച്ചിക്കൊല്ലൻ വിഭാഗത്തെ അപ്രകാരം ശിപാർശ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി വിഭാഗത്തെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല. മാത്രമല്ല, കൂടുതൽ സമുദായങ്ങളെ ഒ.ഇ.സി. പട്ടികയിൽ ചേർക്കുന്ന വിഷയവും ഇപ്പോൾ പരിഗണനയിലില്ല. കടച്ചിക്കൊല്ലൻ വിഭാഗത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി സ.ഉ.(കൈ) നം.11/2019/പിവിവിവ, തീയതി 29/06/2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇല്ല |

സെക്ഷൻ ഓഫീസർ